# വിവാഹവാഗ്ദാനം

*(കാർമ്മികനും ശുശ്രൂഷികളും വചനവേദിയിൽ വന്നുകഴിഞ്ഞ് വിവാഹനിശ്ചയം നടത്തുന്നവർ ബന്ധുമിത്രാദികളോടൊത്ത് വചനവേദിയുടെ സമീപം വന്നുനില്ക്കുന്നു. പുരുഷന്റെ ഇടതുവശത്താണ് സ്ത്രീ നില്ക്കേണ്ടത്. ഇരുവരുടെയും പിതൃസഹോദരന്മാരായ സാക്ഷികളും സമീപത്തുണ്ടാകണം.)*

***(വിജ്ഞാപനം)*** ദൈവാലയത്തിലെ വിവാഹനിശ്ചയം ഒരു യഹൂദ ആചാരവും ബൈബിൾ പാരമ്പര്യവുമാണ്. മാർ യൗസേപ്പും പരിശുദ്ധ കന്യകാമറിയവും വിവാഹിതരാകുന്നതിനു മുന്നോടിയായി വിവാഹനിശ്ചയം ചെയ്തിരുന്ന കാലത്താണല്ലോ ഗബ്രിയേൽ ദൈവദൂതൻ മാതാവിനെ മംഗളവാർത്ത അറിയിച്ചത്. സീറോ മലബാർ സഭയും മറ്റ് പൗരസ്ത്യ സഭകളും ഈ പാരമ്പര്യം അനുഷ്ഠിക്കുന്നു. ഇത് ഒരു ഉടമ്പടിയല്ലെങ്കിലും, വിവാഹിതരാകാൻ ആഗ്രഹിക്കുന്ന യുവാവും യുവതിയും, സ്വമേധയാ തങ്ങൾ എടുത്ത തീരുമാനപ്രകാരം, വിവാഹിതരാകാനുള്ള സമ്മതം സഭയ്ക്കു മുമ്പാകെ ഇപ്പോൾ പ്രകടിപ്പിക്കുന്നു. ഈ യുവതീയുവാക്കളുടെ പിതൃസഹോദരന്മാർ ഇതിന് സാക്ഷികളാകും. ഇരുകൂട്ടരുടെയും കുടുംബങ്ങളെ പ്രതിനിധാനംചെയ്ത് വിശുദ്ധ ബലിപീഠത്തിനു മുമ്പാകെ ഹസ്തദാനം ചെയ്ത് പരസ്പരധാരണയോടെ വിവാഹത്തിനായി ഒരുമിച്ച് പ്രവർത്തിക്കുമെന്ന് അവർ ഉറപ്പു നല്കും. അതിനാൽ ഇത് രണ്ട് കുടുംബങ്ങൾ തമ്മിലുള്ള ഒരു പുതിയ ബന്ധത്തിന്റെ തുടക്കമാണ്.

ഈ തിരുക്കർമ്മത്തിനു സാക്ഷ്യം വഹിക്കാൻ നമ്മൾ ഇവിടെ ഒത്തുകൂടുമ്പോൾ, വിവാഹ ജീവിതത്തിലേക്ക് ഈ യുവാവിനെയും യുവതിയെയും ക്ഷണിച്ച ദൈവം അവരുടെയും കുടുംബങ്ങളുടെയും വാഗ്ദാനം പാലിക്കാൻ സഹായിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ സഭാ സ്ഥാപകനായ മാർ തോമ്മായെ ആദരിക്കുന്ന, പരമ്പരാഗത പ്രാർത്ഥനാഗാനത്തോടെ ഈ ശുശ്രൂഷ ആരംഭിക്കാം.

മാർത്തോമ്മൻ നന്മയാലൊന്നു തുടങ്ങുന്നു / നന്നായ് വരണമേ ഇന്ന്.
ഉത്തമനായ മിശിഹാ തിരുവുള്ളം, / ഉണ്മൈ എഴുന്നൾക വേണം.
കാരണമായവരെല്ലാരും കൂടീട്ട് / നന്മ വരുത്തിത്തരേണം.
ആലാഹാനായനും അമ്പൻ മിശിഹായും / കൂടെ തുണയ്ക്കയിവർക്ക്.

*---- (കുർബാന ഉണ്ടെങ്കിൽ) -----*

**കാർമ്മി:** അന്നാപെസഹാത്തിരുനാളിൽ, കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽ ചേർന്നീടാം, ഒരുമയോടിബലിയർപ്പിക്കാം.

**സമൂഹം:** അനുരഞ്ജിതരായ് തീർന്നീടാം, നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം, തിരുമുമ്പാകെയണച്ചീടാം.

---------------------------

**കാർമ്മി:** അത്യുന്നതമാം സ്വർല്ലോകത്തിൽ, സർവ്വേശനു സ്തുതിഗീതം.

**സമൂഹം:** ഭൂമിയിലെങ്ങും മർത്യനു ശാന്തി, പ്രത്യാശയുമെന്നേക്കും.

***(അല്ലെങ്കിൽ)***

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്വത്താൽ / സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും / അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ / എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് / സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം / ഇന്ന ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതു പോലെ / ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ. ദുഷ്ടാരൂപിയിൽനിന്ന ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും / എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, ആദിയിൽ മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കുകയും, സ്നേഹക്കൂട്ടായ്മയ്ക്കും മനുഷ്യവംശത്തിന്റെ നിലനില്പിനുമായി അവരെ തമ്മിൽ യോജിപ്പിക്കുകയും ചെയ്ത അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. പൂർവപിതാവായ ഇസഹാക്കിനെയും അവന്റെ ജീവിതപങ്കാളിയാകാൻ തിരഞ്ഞെടുത്ത റബേക്കായെയും അനുഗ്രഹിച്ച കർത്താവേ, വിവാഹവാഗ്ദാനത്തിനായി തിരുമുമ്പിൽ അണഞ്ഞിരിക്കുന്ന അങ്ങയുടെ ദാസരായ *(പേരുകൾ)* സ്വതന്ത്രമനസ്സോടും, തികഞ്ഞ സന്തോഷത്തോടുംകൂടെ വിവാഹവാഗ്ദാനം നടത്തുവാൻ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**സങ്കീർത്തനം (34:8-14)**

**കാർമ്മി:** കർത്താവ് നല്ലവനാണെന്ന് നിങ്ങൾ അനുഭവിച്ചറിയു വിൻ.
*(കാനോനാ)* ഇസഹാക്കിന് ഭാര്യയെ കണ്ടെത്താൻ വഴി ഒരുക്കിയ കർത്താവേ,
വിവാഹവാഗ്ദാനത്തിന് അണഞ്ഞിരി ക്കുന്ന ഈ ദാസരെ അനുഗ്രഹിക്കണമേ.

**സമൂഹം**: കർത്താവിൽ ആശ്രയിക്കുന്നവരെല്ലാം ഭാഗ്യവാന്മാരാകുന്നു.

**കാർമ്മി**: ധനികർ ദരിദ്രരാകാം, വിശന്നു വലയാം. കർത്താവിനെ തേടുന്നവർക്കോ നന്മകൾക്കിന്നും കുറവുണ്ടാകയില്ല.

**സമൂഹം**: മക്കളേ, വന്നുകേൾക്കുവിൻ, ദൈവഭയം നിങ്ങളെ ഞാൻ അഭ്യസിപ്പിക്കാം.

**കാർമ്മി**: ജീവിതം ഇഷ്ടപ്പെടുകയും നല്ല ദിനങ്ങൾക്കായി കാംക്ഷിക്കുകയും ചെയ്യുന്നുവോ?

**സമൂഹം**: എങ്കിൽ തിന്മയിൽനിന്ന് നാവിനെയും വ്യാജഭാഷണത്തിൽനിന്ന് അധരത്തെയും സൂക്ഷിച്ചുകൊള്ളുവിൻ.

**കാർമ്മി**: അകൃത്യത്തിൽ നിന്നകന്ന് നന്മചെയ്യുവിൻ, സമാധാനത്തിൽ അതിനെ പിന്തുടരുവിൻ.

**സമൂഹം**: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമ്മി:** *(കാനോനാ)* ഇസഹാക്കിന് ഭാര്യയെ കണ്ടെത്താൻ വഴിയൊരുക്കിയ കർത്താവേ, വിവാഹവാഗ്ദാനത്തിന് അണഞ്ഞിരിക്കുന്ന ഈ ദാസരെ അനുഗ്രഹിക്കണമേ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടു ള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിചൂടിനില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സൃഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(മദ്ബഹയുടെ വിരിനീക്കുന്നു. എല്ലാവരും അൾത്താരയി ലേക്കു തിരിഞ്ഞ് ശിരസ്സു നമിക്കുന്നു)*

സർവ്വാധിപനാം കർത്താവേ, നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമൊടെ, നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ, മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി, ന്നുത്തമരക്ഷയുമേകുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

*(കാർമ്മികൻ ജനങ്ങൾക്കുനേരെ തിരിഞ്ഞ്)*

**കാർമ്മി:** എന്റെ കർത്താവേ നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**ത്രൈശുദ്ധ കീർത്തനം**

ശബ്ദമുയർത്തിപ്പാടിടുവിൻ, സർവ്വരുമൊന്നായിപ്പാടിടുവിൻ
എന്നെന്നും ജീവിക്കും, സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവേശാ, പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ, നിൻകൃപ ഞങ്ങൾക്കേകണമേ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## വിശുദ്ധഗ്രന്ഥവായന

*പഴയനിയമവായന: തോബിത്ത് 4:12-13*
*ലേഖനം: ഹെബ്രായർ 8:7-10*

**വായിക്കുന്ന ആൾ:** സഹോദരരേ, തോബിത്തിന്റെ പുസ്തകത്തിൽ നിന്നുള്ള വായന. / സഹോദരരേ, ഹെബ്രായർക്ക് എഴുതപ്പെട്ട ലേഖനം.

*(കാർമ്മികനുനേരെ തിരിഞ്ഞ്)*
കർത്താവേ, ആശീർവ്വദിക്കണമേ.

**കാർമ്മി:** മിശിഹാ + അനുഗ്രഹിക്കട്ടെ.

*(ജനങ്ങൾക്കു നേരെ തിരിഞ്ഞു വായിക്കുന്നു).*

*(വായന തീരുമ്പോൾ)*
**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**ഹല്ലേലൂയ്യാഗീതം**

ഹല്ലേലുയ്യാ പാടാമൊന്നായ്, ഹല്ലേലുയ്യാ ഹല്ലേലുയ്യാ.
നല്ലോരാശയമെൻ മനതാരിൽ, വന്നു നിറഞ്ഞു തുളുമ്പീടുന്നു.
രാജാവിൻ തിരുമുമ്പിൽ കീർത്തന, മധുവായ് ഞാനതൊഴുക്കീടട്ടെ.
ഏറ്റമനുഗ്രഹ പൂരിതനാം കവി, തൻ തൂലികപോലെൻ നാവിപ്പോൾ.

താതനുമതുപോൽ സുതനും, പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ
ആദിമുതൽക്കേയിന്നും നിത്യവു, മായി ഭവിച്ചീടട്ടെ ആമ്മേൻ.

ഹല്ലേലൂയ്യാ പാടാമൊന്നായ്, ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

**ശുശ്രൂഷി:** നമുക്കു ശ്രദ്ധാപൂർവ്വംനിന്ന് പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

**കാർമ്മി:** സമാധാനം + നിങ്ങളോടുകൂടെ.

**സമൂഹം:** അങ്ങയോടും അങ്ങയുടെ ആത്മാവോടും കൂടെ.

**കാർമ്മി:** വിശുദ്ധ *(മത്തായി / യോഹന്നാൻ)* അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

*(കാർമ്മികൻ സുവിശേഷം വായിക്കുന്നു.*
*മത്തായി 1:18-25 / 6:25-33 / യോഹന്നാൻ 15:9-12).*

(വായന തീരുമ്പോൾ).

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## *പ്രസംഗം*

## *കാറോസൂസ*

**ശുശ്രൂ:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെ, വിവാഹവാഗ്ദാനത്തിനായി ഒരുങ്ങിനില്ക്കുന്ന ഈ ദാസരുടെമേൽ കരുണയുണ്ടാകണമേ എന്നു പ്രാർത്ഥിക്കാം.

**സമൂഹം:** കർത്താവേ, ഈ ദാസരുടെമേൽ കരുണയുണ്ടാകണമേ.
*(ഓരോന്നിനും ആവർത്തിക്കുന്നു).*

**ശുശ്രൂ:** വിവാഹവാഗ്ദാനം ചെയ്യുന്ന ഈ ദാസരെ ആശീർവദിക്കുകയും, ഇവർ ചെയ്യുന്ന വാഗ്ദാനമനുസരിച്ച് വിവാഹിതരാകാനുള്ള കൃപ ഇവർക്ക് നല്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂ:** ക്രൈസ്തവവിശ്വാസത്തിലും ഹൃദയവിശുദ്ധിയിലും അധിഷ്ഠിതമായ വിവാഹജീവിതം നയിക്കുവാൻ ഇവരെ സജ്ജരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂ:** ക്രിസ്തീയ കുടുംബജീവിതത്തിന്റെ കടമകൾ മനസ്സിലാക്കി വിവാഹത്തിലേക്ക് പ്രവേശിക്കുവാൻ ഈ ദാസരെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂ:** വിവാഹമെന്ന കൂദാശ ദമ്പതികൾ തമ്മിലും ദൈവവുമായും നടത്തുന്ന ഉടമ്പടിയും, മരണംവരെ നിലനില്ക്കുന്ന ബന്ധവുമാണെന്ന ബോധ്യത്തോടെ അത് സ്വീകരിക്കാൻ ഈ ദാസരെ ഒരുക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂ:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, വിവാഹവാഗ്ദാനം ചെയ്യാനായി തിരുമുമ്പിൽ അണഞ്ഞിരിക്കുന്ന അങ്ങയുടെ ഈ ദാസരുടെമേൽ കരുണയുണ്ടാകണമേ. ഇവരുടെ വാഗ്ദാനം പൂർത്തിയാക്കാനും അങ്ങേക്ക് പ്രീതികരമായ ജീവിതം നയിക്കാനും വേണ്ട അനുഗ്രഹം ഇവർക്കു നല്കണമേ. ഇവരെയും ഇവരുടെ കുടുംബാംഗങ്ങളെയും സ്നേഹത്തിലും ഐക്യത്തിലും കാത്തുസംരക്ഷിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവു മായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ശരിയായ അറിവോടും സ്വതന്ത്രമായ മനസ്സോടും പൂർണസമ്മതത്തോടുംകൂടി മാത്രമേ വിവാഹനിശ്ചയത്തിലേർപ്പെടാൻ പാടുള്ളുവെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. നിങ്ങളുടെ ഈ വിവാഹനിശ്ചയം പരസ്യമായി പ്രഖ്യാപിക്കാനുള്ള അവസരം തിരുസഭ നിങ്ങൾക്ക് നല്കുകയാണ്.

**കാർമ്മി:** *(വരനോട്)* ..... *(പേര്)* മിശിഹായുടെ നിയമവും തിരുസഭയുടെ നടപടിയുമനുസരിച്ച് വിവാഹമെന്ന കൂദാശയിലൂടെ ..... *(പേര്)*നെ നിന്റെ ഭാര്യയായി സ്വീകരിച്ചുകൊള്ളാമെന്ന് നീ വാഗ്ദാനം ചെയ്യുന്നുവോ?

**വരൻ:** ഞാൻ വാഗ്ദാനം ചെയ്യുന്നു.

**കാർമ്മി:** *(വധുവിനോട്)* --- *(പേര്)* മിശിഹായുടെ നിയമവും തിരുസഭയുടെ നടപടിയുമനുസരിച്ച് വിവാഹമെന്ന കൂദാശയിലൂടെ ..... *(പേര്)*നെ നിന്റെ ഭർത്താവായി സ്വീകരിച്ചുകൊള്ളാമെന്ന് നീ വാഗ്ദാനം ചെയ്യുന്നുവോ?

**വധു:** ഞാൻ വാഗ്ദാനം ചെയ്യുന്നു.

**കാർമ്മി:** *(സാക്ഷികളോട്)* ഈ വിവാഹവാഗ്ദാനത്തിന് നിങ്ങൾ സാക്ഷികളാണല്ലോ?

**സാക്ഷികൾ:** ഞങ്ങൾ സാക്ഷികളാണ്.

***----- വരൻ വധുവിനെ മോതിരം അണിയിക്കുന്നെങ്കിൽ -----***

**കാർമ്മി:** കർത്താവേ, ഞങ്ങളുടെ ദൈവമേ, സ്നേഹത്തിലും വിശ്വസ്തതയിലും ദാമ്പത്യജീവിതം നയിക്കുന്നതിനുള്ള പരസ്പര വാഗ്ദാനത്തിന്റെ പ്രതീകമായി കൈമാറുന്ന ഈ മോതിരത്തെ അനുഗ്രഹിക്കണമേ. പിതാവിന്റെയും പുത്രന്റെയും (+) പരിശുദ്ധാത്മാവിന്റെയും നാമത്തിൽ. *(മോതിരത്തിൽ വിശുദ്ധജലം തളിക്കുന്നു.)*

**സമൂഹം:** ആമ്മേൻ.

*(വരൻ വധുവിന്റെ വിരലിൽ മോതിരം അണിയിക്കുന്നു.)*

------------------

***സാക്ഷികളായ കാരണവന്മാർ വലതു കരങ്ങൾ പിടിക്കുമ്പോൾ***

**കാർമ്മി:** ഉടമ്പടികൾ ചെയ്യുന്നവനും അവയെ വിശ്വസ്തതയോടെ പാലിക്കുന്നവനും പാലിക്കാൻ സഹായിക്കുന്നവനുമായ കർത്താവേ, നിന്റെ ദാസർ ചെയ്യുന്ന ഈ ഉടമ്പടിയെ നീ സ്ഥിരീകരിക്കണമേ. ഇപ്പോൾ ചെയ്ത വിവാഹവാഗ്ദാനം പൂർത്തിയാക്കാൻ നിന്റെ ദാസരായ ..... നെയും ....... യും (പേരുകൾ) അവരുടെ കാരണവന്മാരായ ഇവരേയും കുടുംബാംഗങ്ങളേയും അനുഗ്രഹിക്കണമേ. അവിടുത്തെ സ്നേഹവും പരിരക്ഷണവും ഇവരുടെമേലും ഈ സമൂഹത്തിന്റെമേലും ഉണ്ടാകുമാറാകട്ടെ.
*(വിശുദ്ധ ജലം തളിക്കുന്നു).*

**സമൂഹം:** ആമ്മേൻ.

*(കുർബാന ഉണ്ടെങ്കിൽ, കാഴ്ചവെയ്പുമുതൽ തുടരുന്നു).*

**സമാപനപ്രാർത്ഥനകൾ**

**കാർമ്മി:** *(കുർബാന അർപ്പിച്ചെങ്കിൽ)* കർത്താവായ ദൈവമേ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ കടങ്ങളുടെ മോചനത്തിനായി അങ്ങ് കാരുണ്യ പൂർവ്വം ഞങ്ങൾക്കു നല്കി. ഈ ദാനത്തെക്കുറിച്ച് അങ്ങയുടെ മഹനീയത്രീത്വത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാ കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ, കർത്താവേ ആശീർവ്വദിക്കണമേ.

---------------------

**കാർമ്മി:** സഭയെ നിർമലവധുവായി സ്വീകരിച്ച കർത്താവായ മിശിഹായേ, വിവാഹവാഗ്ദാനം ചെയ്ത ഈ ദാസരുടെമേൽ അങ്ങയുടെ കാരുണ്യത്തിന്റെ വലംകൈ നീട്ടണമേ. ഞങ്ങളുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, തിരുക്കുടുംബത്തിന്റെ നാഥനായ മാർ യൗസേപ്പിന്റെയും, ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായുടെയും പ്രാർത്ഥന ഇവരുടെ വാഗ്ദാനത്തെ സഫലമാക്കട്ടെ. സകല വിശുദ്ധരുടെയും, വിശിഷ്യാ ഞങ്ങളുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥം ഇവർക്ക് സംരക്ഷണവും സഹായവുമായിരിക്കട്ടെ. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ദൈവത്തിന്റെ പരിപാലനയിൽ നിങ്ങൾ ചെയ്ത ഈ വിവാഹവാഗ്ദാനത്തെ അവിടുന്ന് തന്റെ വചനത്താൽ ശക്തിപ്പെടുത്തുകയും, സ്നേഹത്തിന്റെ കല്പനയാൽ സുസ്ഥിരമാക്കുകയും കരുണയാൽ പൂർത്തിയാക്കുകയും ചെയ്യട്ടെ. അബ്രാഹത്തെയും സാറായെയും, ഇസഹാക്കിനെയും റബേക്കായെയും, യാക്കോബിനെയും റാഹേലിനെയും സംയോജിപ്പിച്ച ദൈവം നിങ്ങളുടെ വാഗ്ദാനത്തെ വിശ്വാസത്തിലും സത്യത്തിലും സ്നേഹത്തിലും മനസ്സിന്റെ ഐക്യത്തിലും മുദ്രിതമാക്കട്ടെ. തീക്ഷ്ണമായ പ്രാർത്ഥനയോടും ആത്മീയ ഒരുക്കത്തോടുംകൂടെ വിവാഹമെന്ന കൂദാശയ്ക്കായി അണയുവാൻ ദൈവം നിങ്ങളെ ശക്തിപ്പെടുത്തട്ടെ. നിങ്ങളെയും നിങ്ങളെ സ്നേഹത്തിൽ വളർത്തിയ മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും ഈ തിരുക്കർമ്മത്തിൽ പങ്കെടുത്ത എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

**സമൂഹം:** ആമ്മേൻ.

+++